Eurospin പോയി. അവിടെയൊക്കെ പതിനായിരങ്ങൾ പട്ടിണിയിലാണ്. ആത്മഹത്യവരെ ഉണ്ടാകുന്നുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥമായിട്ടുള്ള ഗവൺമെന്റ് കയ്യുംകെട്ടി നോക്കിയിരിക്കുന്നു. ഗവൺമെന്റ് ആരുടെ ഭാഗത്താണ് ? നിയമങ്ങൾ പാലിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റ് , ഗവൺമെന്റ് അംഗീകരിച്ച ഈ നാട്ടിലെ ഇൻഡസ്ട്രിയൽ ലാ പാലിക്കാൻ തയ്യാറാകുമോ അതോ നിയമം ലംഘിക്കുന്ന ഉടമകളുടെ പുറകെ വാലാട്ടിപ്പോകുമോ ?

ശ്രീ. ബാബു ദിവാകരൻ : അങ്ങ് ചൂണ്ടിക്കാണിച്ച Eurospin തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വളരെ ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ട്രേഡ് യൂണിയനുകൾകൂടി വിട്ടുവീഴ്ച ചെയ്തിരുന്നുവെങ്കിൽ തീർച്ചയായിട്ടും ആ സ്ഥാപനം അവിടെ നിലനിൽക്കുമായിരുന്നു. ഗവൺമെന്റിനെ accuse ചെയ്യുമ്പോൾ ഉള്ള കാര്യം പറയണ്ടേ ? അത് തുറന്നു പ്രവർത്തിപ്പിക്കുവാനാണ് ഗവൺമെന്റ് ശ്രമിച്ചത്. പലപ്രാവശ്യം ചർച്ചകൾ നടത്തി. അവർ closure -നു വേണ്ടിയുള്ള റിക്വസ്റ്റ് ചോദിച്ചു. നിയമപരമായി കോടതിയിൽ പോയി അവർ കേസ് വാദിച്ചു. എന്നിട്ടും ഇത് തുറന്നു പ്രവർത്തിപ്പിക്കുന്നതിന്, കേസായതിനുശേഷവും അവരുമായി ചർച്ച നടത്തി, യൂണിയനുകൾ കുറെക്കൂടി വിട്ടുവീഴ്ചാമനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ കണ്ടിരുന്നുവെങ്കിൽ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുമായിരുന്നു യെന്നുള്ളതാണ് എന്റെ വിശ്വാസം. ഇനിയും ശ്രമിക്കുന്നതിന് ഗവൺമെന്റിന് യാതൊരു മടിയുമില്ല. പക്ഷെ മാനേജുമെന്റുകൾക്ക് ഈ സ്ഥാപനം നടത്തുന്നതിൽ ഒരു താൽപ്പര്യവുമില്ല.

ബസ്സുകളിൽ സ്പീഡ് ഗവേണർ സംവിധാനം

3 (*243) ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബസ്സുകളിൽ 'സ്പീഡ് ഗവേണർ' സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത സംവിധാനം പരീക്ഷണ വിജയം നേടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, ഈ സംവിധാനം ഏർപ്പെടുത്തുന്നതുവഴി കെ.എസ്. ആർ.ടി.സി.ക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സ്റ്റേജ് ക്യാരേജുകളിലും(stage carriages) വലിയ ട്രാൻസ്പോർട്ട് വാഹനങ്ങളിലും (heavy transport vehicles) 'സ്പീഡ് ഗവേണർ' 2003 സെപ്റ്റംബർ ഒന്നു മുതൽ ഘടിപ്പിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

16-4-2003-ലെ ജി.ഒ.(പി)നം.20/03 ട്രാൻ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യ നൽകുന്ന എ.ഐ.എസ്.018 മുദ്രയുള്ളതായിരിക്കണം പ്രസ്തുത സംവിധാനമെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.യിലെ രണ്ട് ദീർഘദൂര സർവ്വീസ് ബസ്സുകളിൽ പ്രസ്തുത സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ച് വിജയപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) ഈ സംവിധാനം ഏർപ്പെടുത്തുക വഴി കെ.എസ്.ആർ.ടി.സി.ക്ക് ഇന്ധനത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി ദൈനംദിന പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനും കഴിയും. സ്റ്റേജ് ക്യാരേജുകളെ കൂടാതെ മറ്റു വലിയ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്നതുമൂലം വാഹനങ്ങളുടെ അമിത വേഗത നിയന്ത്രണവിധേയമാകുന്നതും തൻമൂലം വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്യും.

ശ്രീ. തോമസ് ചാഴികാടൻ : സർ, നമ്മുടെ നാട്ടിൽ ഓടുന്നതിനേക്കാൾ അനേകം വാഹനങ്ങളോടുന്ന അന്യനാട്ടിൽപ്പോലും നമ്മുടെ നാട്ടിലുണ്ടാകുന്നതുപോലുള്ള വാഹനാപകടങ്ങളുണ്ടായി ആളുകൾ മരിക്കുന്നില്ല. ഇതിന്റെ പ്രധാനപ്പെട്ട കാരണം അമിത വേഗതയിൽ വാഹനമോടിക്കുന്നതാണ്. ഇത് നിയന്ത്രിക്കാൻ ഗവൺമെന്റ് ഇപ്പോൾ ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. 2003-സെപ്റ്റംബർ ഒന്നു മുതൽ സ്പീഡ് ഗവേണർ ഘടിപ്പിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിക്കുകയുണ്ടായി. പക്ഷെ 2003 സെപ്റ്റംബർ ആകുമ്പോഴേക്കും പതിനായിരക്കണക്കിന് ഉപകരണം വേണം. ഈ ഉപകരണം മാർക്കറ്റിൽ ലഭ്യമാകുമെന്നുറപ്പുവരുത്താൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, നാലഞ്ച് മാസം സമയം കൊടുത്തതുതന്നെ ഇതിന്റെ ലഭ്യത ഉറപ്പുവരുത്താനാണ്. ഇതിന്റെ ലഭ്യതയ്ക്ക് വിഷമമില്ലെന്നാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യയും അതുമായി ബന്ധപ്പെട്ട സംഘടനകളും അറിയിച്ചിരിക്കുന്നത്. 20,000 രൂപയാണ് ഒരു ഉപകരണത്തിന്റെ വില. ഹെവി വെഹിക്കിൾസിനു മാത്രമേയുള്ളു. നമ്മുടെ രാജ്യത്തെ കൂടുതൽ വാഹനങ്ങളും ടൂ-വീലറും കാറുമാണ്. കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ബസ്സുകളിലേയ്ക്കും ഇത് വയ്ക്കുകയില്ല. ഓർഡിനറി ബസുകൾ 60 കിലോമീറ്റർ സ്പീഡ് വരില്ല. 60 കിലോമീറ്റർ വേഗതവരുന്ന ബസ്സുകളിൽ കൃത്യമായി ഇത് വയ്ക്കണമെന്നുള്ളതാണ് ഡയറക്ഷൻ. ഇത് ആവശ്യാനുസരണം കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല എന്നാണ് ഗവൺമെന്റിന്റെ വിശ്വാസം.

ശ്രീ. തോമസ് ചാഴികാടൻ : സ്പീഡ് ഗവേണർ ഘടിപ്പിക്കുന്നതുകൊണ്ടുള്ള മറ്റൊരു ഗുണം വാഹനങ്ങളിലെ ഇന്ധനക്ഷമത കുറയ്ക്കുന്നുവെന്നുള്ളതാണ്. 100 കിലോമീറ്റർ ഓടുന്ന ഒരു വാഹനത്തിന് ഒരു ദിവസം ആവറേജ് എത്രശതമാനം ഇന്ധനം ലാഭിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പത്തുശതമാനം ഇന്ധനം ലാഭിക്കുവാൻ കഴിയുമെന്നാണ് ഏകദേശ കണക്ക്. കെ.എസ്.ആർ.ടി.സി. കൃത്യമായി പരിശോധിച്ചു നോക്കിയതാണ്. എന്തായാലും ഇത് ഘടിപ്പിക്കുന്നതുകൊണ്ട് കാര്യമായ സാമ്പത്തിക ലാഭമുണ്ടാകും. ഒരു ഉപകരണത്തിന് 20,000 രൂപ മുടക്കുന്നതുകൊണ്ട് നഷ്ടം വരില്ല എന്നതിനെ സംബന്ധിച്ച് സംശയമില്ല.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, സംസ്ഥാനത്തെ എല്ലാ സ്റ്റേജ് ക്യാരേജുകളിലും സെപ്റ്റംബർ ഒന്നു മുതൽ സ്പീഡ് ഗവേണർ ഘടിപ്പിക്കുമെന്നാണ് മന്ത്രി മറുപടി നൽകിയത്. കെ.എസ്.ആർ.ടി.സി-യിൽ പണ്ടൊരിക്കൽ സ്പീഡ് നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടായിരുന്നു. പക്ഷെ കുറച്ചുകാലങ്ങൾക്കുശേഷം അത് അപ്രത്യക്ഷമായി. ഈ സംവിധാന മുണ്ടാകുന്നതോടുകൂടി കുറെയേറെ എതിർപ്പുകൾക്കുള്ള സാദ്ധ്യത കാണുന്നുണ്ട്. അതുകൊണ്ട് ഈ എതിർപ്പുകളെ നേരിടാനും , ഒരു നല്ല സംവിധാനമെന്ന നിലയിൽ ഈ തീരുമാനം നടപ്പാക്കുമെന്ന് ഉറപ്പുവരുത്താനും ഗവൺമെന്റിന് കഴിയുമോ ?

ശ്രീ. ആർ. ബാലകഷ്ണപിള്ള : സർ, എതിർപ്പുകൾ ഉണ്ടാകാതിരിക്കാൻ നമ്മൾ എല്ലാപേരും ശ്രമിക്കണം. നമ്മുടെ രാജ്യത്ത് വാഹനാപകടങ്ങൾ വല്ലാണ്ട് വർദ്ധിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി.യിൽ വളരെമുൻപ് ഇങ്ങനെയൊരു സംവിധാനമുണ്ടായിട്ടുണ്ട്. പക്ഷെ ഇതിപ്പോൾ അങ്ങനെയല്ല. മോട്ടോർ വാഹന നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ വാഹനങ്ങളിലും ഘടിപ്പിക്കുവാൻ, ഈ പറയുന്ന കാറ്റഗറിയിൽ വരുന്ന വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് നിയമപ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ സ്റ്റാറ്റ്യൂട്ടറി ഓർഡറുള്ളതുകൊണ്ട് ഇതുവയ്ക്കാൻ എല്ലാപേരും ബാദ്ധ്യസ്ഥരാണ്. അതുകൊണ്ട് അത് പിൻവലിക്കുന്ന പ്രശ്നമില്ല. ഇൻഡ്യയിലാകെ ഇതുനടപ്പാക്കണമെന്നാണ് ഉത്തരവ്. ഇൻഡ്യയിലെ ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിമാരുടേയും, കേന്ദ്ര ട്രാൻസ്പോർട്ട് മന്ത്രാലയത്തിന്റെയും ചർച്ചയുടെ അടിസ്ഥാനത്തിലുണ്ടായിരിക്കുന്ന ഒരു ഉത്തരവാണ്. അതുകൊണ്ട് നമുക്കുമാത്രമായി നടപ്പിലാക്കാതിരിക്കാൻ സാദ്ധ്യമല്ല. പിന്നെ എതിർപ്പുകൾ വരാതിരിക്കാൻ ബഹുമാനപ്പെട്ട മെമ്പർ കൂടി സഹകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, കെ.എസ്.ആർ.ടി.സി.യുടെ രണ്ട് ദീർഘദൂര സർവ്വീസുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് മന്ത്രി മറുപടി നൽകി. ഒട്ടേറെ ദീർഘദൂര സ്വകാര്യ സർവ്വീസുകൾ കേരളത്തിലും കേരളത്തിനുവെളിയിലും സർവ്വീസ് നടത്തുന്നുണ്ട്. സെപ്റ്റംബർ ഒന്നാം തീയതി മുതൽ നടപ്പിലാക്കുന്നുണ്ടെങ്കിൽ ഇതിന്റെ കാലാവധിക്കു മുൻപുതന്നെ അവരെവിളിച്ച് ചർച്ച നടത്തി ഇത് നടപ്പിലാക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള സർ, അതിന് എന്തിനാണൊരു ചർച്ച ? ചർച്ചയുടെ ആവശ്യമില്ല. ചർച്ച കഴിഞ്ഞതിനുശേഷമാണ് നിയമം വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ പെർമിറ്റുള്ള ലോറികളിൽ പോലും, മറ്റുസംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണെങ്കിലും നമ്മുടെ സംസ്ഥാനത്തുനിന്നും പോകുന്നതാണെങ്കിലും ഇത് ഘടിപ്പിച്ചാലേ പറ്റുകയുള്ളൂ. തമിഴ്നാടും കർണ്ണാടകയും യു.പി.യുമൊക്കെ ഇത് നടപ്പിലാക്കുന്നുണ്ട്. ഇത് ഇൻഡ്യയിലാകെ വരാൻ പോകുന്ന ഒരു കാര്യമാണ്. ചർച്ചയുടെ കാര്യമൊന്നുമില്ല, ചർച്ച ചെയ്താൽ മാറ്റാനും കഴിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട മന്ത്രി സ്പീഡ് ഗവേണറെക്കുറിച്ച് ശാസ്ത്രീയമായിതന്നെ ഇവിടെ പറയുകയുണ്ടായി. എന്നാൽ നമ്മുടെ സംസ്ഥാനത്ത് നിരപരാധികളും നിഷ്കളങ്കരുമായിട്ടുള്ള യാത്രക്കാരും പൊതുജനങ്ങളും ദിവസം ശരാശരി അഞ്ചിനും പത്തിനുമിടയിൽ, മാസം 200-നും 250-നുമിടയിൽ മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. വാഹനാപകടങ്ങൾ ദിവസം കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. സ്പീഡ് ഗവേണർ അതിന്റെ ഒരു ഭാഗം മാത്രമാണ്. റോഡ് ആക്സിഡന്റിനെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തി അപകടങ്ങൾ കുറയ്ക്കുന്നതിനും നിരപരാധികളെ രക്ഷിക്കുന്നതിനും നമ്മുടെ സംസ്ഥാനത്ത് തീരാകളങ്കമായി മാറിയിരിക്കുന്ന അപമാനകരമായ ഈ സ്ഥിതി കുറച്ചുകൊണ്ടുവരുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ ശരിയാണ്. ഇതൊരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. ഗൃഹനാഥൻമാരില്ലാതെ അനേകം കുടുംബങ്ങൾ നശിക്കുകയാണ്. പക്ഷേ ഇതിന്റെ പ്രധാന കാരണമെന്നു പറയുന്നത് വാഹനങ്ങളുടെ സ്പീഡ് ആണ് എന്നാണ് ഇതുമായി ബന്ധപ്പെട്ട പഠനങ്ങളിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് സ്പീഡ് കുറയ്ക്കുന്നതിന് ആദ്യമായി നടപടി എടുത്തത്. ഇപ്പോൾ എന്തൊക്കെ ആക്ഷേപം പറഞ്ഞാലും ഹൈവേ പോലീസ് വന്നതിനുശേഷം സ്പീഡ് നിയന്ത്രിക്കാനും അപകടങ്ങൾ കുറയ്ക്കാനും കഴിഞ്ഞു എന്നാണ് കഴിഞ്ഞ മൂന്നുനാലു മാസങ്ങളിലെ സ്ഥിതിവിവരക്കണക്ക് കാണിക്കുന്നത്. അങ്ങനെ നല്ലൊരു ഗുണവശം ഉണ്ടായിട്ടുണ്ട്. ഏതായാലും അങ്ങ് പറഞ്ഞത് ശ്രദ്ധിക്കാം. നമ്മൾ നിയമം നടപ്പിലാക്കുമ്പോൾ അതിൽനിന്ന് ഉണ്ടാകുന്ന എതിർപ്പുകൾ അതിജീവിക്കണം. മനുഷ്യന്റെ ജീവനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ നമ്മളെല്ലാം സഹകരിച്ചുകൊണ്ട് എതിർപ്പുകൾ അതിജീവിക്കാൻ കഴിയണം. ഇപ്പോൾതന്നെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് വളരെ വ്യക്തമാണ്. സെപ്റ്റംബർ 1 എന്നൊരു തീയതി തീരുമാനിച്ചു. ഈ തീയതിക്കുമുമ്പ് ടൂറിസ്റ്റ് ബസ് ഉൾപ്പെടെയുള്ള ഹെവി വെഹിക്കിൾസിന് ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടിവരും. അപ്പോൾതന്നെ ആക്ഷേപം വരും. അതാണ് അതിന്റെ ബുദ്ധിമുട്ട്. നമ്മളെല്ലാം ഒന്നിച്ചുനിന്നാൽ റോഡപകടങ്ങൾ ഒരു പരിധി വരെ കുറയ്ക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly